Draft #30 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 14-Nov-2021 09:16 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - സെക്ഷൻ /ജോലി ക്രമീകരണം, ചുമതല നൽകൽ, നാമകരണം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6070/AD A1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.11.2021

---

*പരാമർശം:*-1. 11.11.2021 തീയതിയിലെ രജിസ്ട്രാറുടെ കുറിപ്പ് നം. രജി/01/138/2021, ബഹു.വൈസ് ചാൻസിലറുടെ 11.11.2021 തീയതിയിലെ ഉത്തരവ് സഹിതം.

2. സർവ്വകലാശാല ഉത്തരവ് നമ്പർ: 5926/AD A1/2021/എം.ജി.യു.,തീയതി:.08.11.2021.

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിലെ ജോലികൾ, ചുമതലകൾ, നാമകരണം എന്നിവ താഴെ പരാമർശിച്ചിരിക്കുന്ന വിധത്തിൽ ക്രമീകരിക്കുന്നതിന് അനുവദിച്ചുകൊണ്ട് വൈസ് ചാൻസിലർ പരാമർശം (1) പ്രകാരം ഉത്തരവായിരിക്കുന്നു.

1. നിലവിൽ പി.ആർ.ഒ. സെക്ഷന് കീഴിൽ ഒരു അന്വേഷണ വിഭാഗം പ്രവർത്തിച്ച് വരുന്നുണ്ട്. ടി വിഭാഗത്തിൻറെ ജോലിയും ഫ്രണ്ട് ഓഫീസ് നിർവ്വഹിക്കുന്ന ജോലിയും ഒരേ സ്വഭാവമുള്ളതാകയാൽ പ്രസ്തുത സെക്ഷനെ ജീവനക്കാരോടൊപ്പം ഫ്രണ്ട് ഓഫീസിലേക്ക് മാറ്റികൊണ്ട് ഫ്രണ്ട് ഓഫീസിന്റെ ഭാഗമാക്കുന്നു.

2. COE-1, COE-2 സെക്ഷനുകൾ, നിലവിൽ SDE-1, SDE-3 സെക്ഷനുകൾ നിർവ്വഹിക്കേണ്ടി വന്നിരുന്ന ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതാണെന്ന് പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ COE-1, COE-2 സെക്ഷനുകളുടെ, SDE-1, SDE-3 സെക്ഷനുകളിലെ ഫയലുകൾ ഉൾപ്പെടെയുള്ളവയുടെ, റിപ്പോർട്ടിംഗ് ഓഫീസറായി ഡെപ്യൂട്ടി രജിസ്ട്രാർ (DASP )- ന് ചുമതല നൽകുന്നു.

3. School of Nano Science and Nano Technology, School of Energy Materials എന്നീ സ്കൂളുകൾക്ക് പൊതുവായും School of Mathematics Statistics and Data Analytics, School of Artificial Intelligence and Robotics, School of Food Science & Technology എന്നീ സ്കൂളുകൾക്ക് പൊതുവായും ഓരോ അഡ്മിനിസ്ട്രേറ്റീവ് സെക്ഷൻ വീതം രൂപീകരിച്ചിരുന്നു. ഇതിൽ ഒന്നാമത്തെ സെക്ഷന്റെ ഭരണപരമായ റിപ്പോർട്ടിംഗ് ഓഫീസറായി School of Nano Science and Nano Technology വകുപ്പ് ഡയറക്ടറേയും, രണ്ടാമത്തെ സെക്ഷന്റെ ഭരണപരമായ റിപ്പോർട്ടിംഗ് ഓഫീസറായി School of Artificial Intelligence and Robotics വകുപ്പ് ഡയറക്ടറേയും താത്കാലികമായി ചുമതലപ്പെടുത്തുന്നു.

4. മേൽ പരാമർശിച്ച അഡ്മിനിസ്ട്രേറ്റീവ് സെക്ഷനുകളിൽ, ഒന്നാമത്തെ സെക്ഷന് New Schools -1 എന്നും രണ്ടാമത്തെ സെക്ഷന് New Schools -2 എന്നും നാമകരണം ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ-School of Nano Science and Nano Technology/ School of Artificial Intelligence and Robotics/ ഡെപ്യൂട്ടി രജിസ്ട്രാർ (DASP )/സെക്ഷനുകൾ
2. വൈസ് ചാൻസിലർ / പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ .
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. ജോയിൻറ് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ്, എം ജി സർവകലാശാല
7. പി. ആർ. ഒ / കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ /ഐ.ക്യൂ.എ.സി./CITAD
8. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #30 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 14-Nov-2021 09:16 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം